# കേരള സർക്കാർ

**സംഗ്രഹം**

കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ പദ്ധതി – സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് ആയിരം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എഫ്എഫ്പി ബി) വകുപ്പ്**

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 608/92/പൊ.ഭ.വ. തിരുവനന്തപുരം, 28.12.95

---

**ഉത്തരവ്**

സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായി ധനസഹായം അനുവദിക്കണമെന്ന കാര്യം സർക്കാരിൻെറ പരിഗണനയ്ക്ക് വരികയുണ്ടായി.

2. സമീപ സംസ്ഥാനങ്ങളിൽ നൽകി വരുന്നതുപോലെ സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായി 1000 രൂപ (ആയിരം രൂപ) ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. സ്വാതന്ത്ര്യസമര സേനാനികളുടെ അനന്തരാവകാശികൾക്ക് അതത് താലൂക്കിലെ തഹസീൽദാർ തുക വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കെ.എ. കുട്ടൻ**
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, ഗവൺമെൻറ് ഓഫ് ഇൻഡ്യാ, ആഭ്യന്തര മന്ത്രാലയം, ന്യൂഡൽഹി.
ജില്ലാ കളക്ടറന്മാർ
അക്കൗണ്ടൻറ് ജനറൽ, കേരളം (ധനകാര്യ വകുപ്പിൻെറ അംഗീകാരത്തോടെ)
ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പിൻെറ 30.8.95 ലെ 52481/എക്സ്.ബി2/95/ധന നംപർ അനൗദ്യോഗിക കുറിപ്പ്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ/ഡയറക്ർ ഓഫ് ട്രഷറീസ്/സെക്രട്ടറി, റവന്യൂ ബോർഡ്.

**പകർപ്പ്**

മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
പൊതുഭരണ (എഫ്.എഫ്.പി.എ) വകുപ്പ്, ബി2, ബി3 സീററുകൾ
ആഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,
ഒപ്പ്
സെക്ഷൻ ആഫീസർ

# കേരള സർക്കാർ

**സംഗ്രഹം**

കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ പദ്ധതി – സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എഫ്എഫ്പി ബി) വകുപ്പ്**

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 654/2000/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 29.12.2000

---

പരാമർശം :–
1. ജി.ഒ (എം.എസ്) നമ്പർ. 608/95/പൊ.ഭ.വ. തീയതി 28.12.95.
2. കേരളാഫ്രീഡം ഫൈറേറഴ്സ്/സ്റ്റേററ് പെൻഷനേവ്സ് കോ–ഓർഡിനേഷൻ കൗൺസിൽ സമർപ്പിച്ച മെമ്മോറാണ്ടം.

**ഉത്തരവ്**

പരാമർശം 2 ലെ മെമ്മോറാണ്ടത്തിലെ ആവശ്യം കണക്കിലെടുത്ത്, സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 1000/– രൂപ 3000/– രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**തോമസ് സി. ജോർജ്ജ്**
സ്റ്റേററ് പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കെ.എഫ്.എഫ്. പെൻഷനേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടൻറ് ജനറൽ, കേരള, തിരുവനന്തപുരം (ധനകാര്യ വകുപ്പിൻെറ അംഗീകാരത്തോടെ)
ട്രഷറി ഡയറക്ടർക്ക്
ധനവകുപ്പ് (11.10.2000 ലെ 76692/പെൻ.സി3/2000/ഫിൻ. നംപർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം)
പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (20.12.2000 ലെ മന്ത്രിസഭായോഗതീരുമാനം നമ്പർ 5232 പ്രകാരം)
പ്രിൻസിപ്പാൾ സെക്രട്ടറി (2)യുടെ സി.എയ്ക്ക്
പൊതുഭരണ (എഫ്.എഫ്.പി (എ) വകുപ്പ്
പൊതുഭരണ (എഫ്.എഫ്.പി., ബി2, ബി3) സീററുകൾക്ക്
ആഫീസ് കോപ്പി
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,
ഒപ്പ്
സെക്ഷൻ ആഫീസർ

# കേരള സർക്കാർ

**സംഗ്രഹം**

കെ.എഫ്.എഫ്. പെൻഷൻ പദ്ധതി – സ്വാതന്ത്ര്യ സമര സേനാനികളുടെ
മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച്
പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**പൊതുഭരണ (എഫ്എഫ്പി ബി) വകുപ്പ്**

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 142/2001/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 27.3.2001

---

പരാമർശം :– 1. ജി.ഒ (എം.എസ്) നമ്പർ. 84/98/പൊ.ഭ.വ. തീയതി 11.2.98.
2. പുന്നപ്ര വയലാർ സ്വാതന്ത്ര്യ സമര സേനാസമിതി 4.1.2001–ൽ സമർപ്പിച്ച മെമ്മോറാണ്ടം.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം സ്വാതന്ത്ര്യ സമര സേനാനികൾക്ക് മരണാനന്തര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക യഥാസമയം ലഭിക്കുന്നതിന്, സ്വാതന്ത്ര്യ സമര സേനാനി തുക കൈപ്പറേറണ്ട അവകാശിയെ ജില്ലാ കളക്ടർ മുൻപാകെ നാമനിർദ്ദേശം ചെയ്യേണ്ടതാണെന്നും ആ അവകാശിക്ക് അതാതു താലൂക്കിലെ തഹസീൽദാർ തുക വിതരണം ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം തുക കൈപ്പററുന്നതിന് അവകാശികളെ നിർണ്ണയിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന വസ്തുത പുന്നപ്രവയലാർ സ്വാതന്ത്ര്യ സമര സേനാ സമിതി പരാമർശം രണ്ടിലെ മെമ്മോറാണ്ടം മുഖേന സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത മെമ്മോറാണ്ടം സർക്കാർ പരിശോധിച്ചു. സ്വാതന്ത്ര്യ സമര സേനാനി ജീവിച്ചിരിക്കുമ്പോൾ, അദ്ദേഹത്തിന് താല്പര്യമുള്ള ഒരാളിനെ മരണാനന്തര ചടങ്ങുകൾക്ക് അനുവദിക്കുന്ന പണം കൈപ്പററാൻ അധികാരപ്പെടുത്തി താലൂക്കാഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുവാദം നൽകിക്കൊണ്ട്, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യക്തിക്ക് അതാത് താലൂക്കിലെ തഹസീൽദാർ തുക വിതരണം ചെയ്യേണ്ടതാണ്.

പരാമർശം ഒന്നിലെ ഉത്തരവിൻ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഒപ്പ്
ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കെ.വി. ശ്രീദേവി**
അഡീഷണൽ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടൻറ് ജനറൽ, (എ ആൻറ് ഇ) കേരള, തിരുവനന്തപുരം
ധനവകുപ്പ് / പബ്ലിക് റിലേഷൻസ് ഡയറക്ടർ കമ്മീഷണർ ലാൻറ് റവന്യൂ
പൊതുഭരണ (എഫ്.എഫ്.പിഎ) വകുപ്പ്
ബി2, ബി3 സീററുകൾക്ക്
സ്റ്റോക്ക് ഫയൽ, ഒ.സി.

**പകർപ്പ്**

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 84/98/പൊഭവ.
തീയതി 11.2.98 തീർപ്പു ഫയലിലേക്ക്

ഉത്തരവിൻ പ്രകാരം,
ഒപ്പ്
സെക്ഷൻ ആഫീസർ